പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : T 7602

15.07.2014-ൽ മറുപടിക്ക്.

## ഗ്രാമീണ കോടതികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എം.എ.ബേബി<br>ശ്രീ. ആർ. രാജേഷ്<br>ഡോ. കെ.ടി. ജലീൽ<br>ശ്രീ. പുരുഷൻ കടലുണ്ടി | ശ്രീ.ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) സാധാരണക്കാരായ ജനങ്ങൾക്ക് എത്രയും പെട്ടെന്ന് നീതി ലഭ്യമാക്കാൻ വിഭാവനം ചെയ്ത ഗ്രാമീണ കോടതികൾ സ്ഥാപിക്കുന്നതിൽ സർക്കാർ അലംഭാവം കാട്ടുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | :(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) ഗ്രാമീണകോടതികൾ സ്ഥാപിക്കുന്നതിന് കേന്ദ്രസഹായം ലഭിക്കുന്നതിന് സാദ്ധ്യതയുണ്ടോയെന്നു വ്യക്തമാക്കുമോ; | : (ബി) കേന്ദ്രസർക്കാരിൽ നിന്നും ഓരോ ഗ്രാമീണകോടതിക്കും കെട്ടിടം നിർമ്മിക്കുന്നതിനായി പത്ത് ലക്ഷവും, വാഹനത്തിനായി അഞ്ച് ലക്ഷവും, ഓഫീസ് സാമഗ്രികൾക്കായി മൂന്ന് ലക്ഷവും ഉൾപ്പെടെ പതിനെട്ടുലക്ഷം രൂപ വീതം അനാവർത്തന ചെലവ് കേന്ദ്ര സർക്കാർ വഹിക്കുന്നതാണ്. കൂടാതെ ആദ്യ മൂന്നുവർഷം സംസ്ഥാനവുമായി ചേർന്ന് 6.4 ലക്ഷം വരെ ഓരോ വർഷവും ശമ്പളം മുതലായ ആവർത്തന ചെലവിനത്തിൽ കേന്ദ്രം വഹിക്കുന്നതാണ്. |
| (സി) സംസ്ഥാനത്ത് ഗ്രാമീണകോടതികൾ സ്ഥാപിക്കുന്നത് നിലവിൽ കെട്ടിക്കിടക്കുന്ന കേസ്സുകളുടെ ബാഹുല്യം കുറയ്ക്കുന്നതിന് സഹായകമാകുമോയെന്ന് വ്യക്തമാക്കുമോ; | : സി) ഗ്രാമന്യായാലയം തുടങ്ങുന്നതിന്റെ ഉദ്ദേശ്യലക്ഷ്യം തന്നെ സാധാരണക്കാരന്റെ പടിവാതിലിൽ നീതി എത്തിക്കുകയെന്നതാണ്. ഗ്രാമീണകോടതികൾ തുടങ്ങുന്ന സ്ഥലങ്ങളിൽ മുൻസിഫ്, മജിസ്ട്രേറ്റ് കോടതികളിൽ തീർപ്പാകാതെ കിടക്കുന്ന കേസുകളിൽ കുറവുവരാൻ സാധ്യതയുണ്ട്. |
| (ഡി) കോടതികളുടെ സേവനം താഴെത്തട്ടിൽ വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായുള്ള ഗ്രാമീണ കോടതികൾ സ്ഥാപിക്കുന്നതിന് നിലവിലുള്ള തടസ്സങ്ങൾ എന്താണെന്ന് വ്യക്തമാക്കുമോ? | (ഡി) അനുയോജ്യമായ കെട്ടിടങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് ഹൈക്കോടതി നിർദ്ദേശം ലഭ്യമാകുന്നതനുസരിച്ച് ഗ്രാമന്യായാലയങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ